**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ടാക്സി സംവിധാനം നടപ്പിലാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യൂബർ, ഓല തുടങ്ങിയ ഓൺലൈൻ ടാക്സി സംവിധാനത്തിന്റെ മാതൃകയിൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഓൺലൈൻ ടാക്സി സംവിധാനം ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഓൺലൈൻ ടാക്സി/ഓട്ടോ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ടാക്സി/ഓട്ടോ പദ്ധതിയായ "കേരള സവാരി", കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ, പാലക്കാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡി-ന്റെ സാങ്കേതിക സഹകരണത്തോടെ, തിരുവനന്തപുരം നഗര പരിധിയിൽ പൈലറ്റ് പ്രോജക്ട് ഉത്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ നേതൃത്വത്തിൽ ഗതാഗത വകുപ്പിന് കീഴിൽ ഉത്തരവാദിത്തത്തോട് കൂടിയുള്ള ഓൺലൈൻ ടാക്സി സംവിധാനം സംസ്ഥാനത്തുടനീളം ആരംഭിക്കുകയാണെങ്കിൽ ആയത് ഓട്ടോ-ടാക്സി തൊഴിലാളികൾക്കും ഉടമകൾക്കും യാത്രക്കാർക്കും ഒരുപോലെ സഹായകരമാകുമെന്നതിനാൽ വകുപ്പ് മുൻകൈ എടുത്ത് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഓൺലൈൻ ടാക്സി/ഓട്ടോ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ടാക്സി/ഓട്ടോ പദ്ധതിയായ "കേരള സവാരി", കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ, പാലക്കാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡി-ന്റെ സാങ്കേതിക സഹകരണത്തോടെ, തിരുവനന്തപുരം നഗര പരിധിയിൽ പൈലറ്റ് പ്രോജക്ട് ഉത്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ